**<u>എറണാകുളം ജില്ലാ കളക്ടറുടെ നടപടിക്രമം</u>**
<u>(ഹാജർ : കെ.മൊഹമ്മദ്.വൈ.സഫീരുള്ള ഐ.എ.എസ്)</u>

**നം.സി1-86808/2016** കളക്ടറേറ്റ്, എറണാകുളം, തീയതി : **16/11/2017**

**വിഷയം** :-
ഇടമലയാർ ഇറിഗേഷൻ പ്രോജക്ട്-ലോലെവൽ കനാൽ ചെയിനേജ്- 10490-12000 Meter 0.07 ആർ വസ്തു ഏറ്റെടുക്കുന്നത്-സാമൂഹിക പ്രത്യാഘാത റിപ്പോർട്ട് - സമുചിത ഗവൺമെന്റ് പരിശോധിച്ച് ഉത്തരവാകുന്നത്- സംബന്ധിച്ച്

**പരാമർശം** :-

1. 22.02.2017 തീയതി അംഗീകരിച്ച ഫോം 4 നോട്ടിഫിക്കേഷൻ.
2. SIA യൂണിറ്റായ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് സമർപ്പിച്ച 21.03.2017 ലെ കരട് റിപ്പോർട്ടും 05.04.2017 തീയതിയിലെ അന്തിമ റിപ്പോർട്ടും.
3. വിദഗ്ദ സമിതി ചെയർമാൻ & ഡെപ്യൂട്ടി കളക്ടർ (എൽ.എ) യുടെ 09.06.2017 ലെ വിദഗ്ദ സമിതി റിപ്പോർട്ട്.
4. G.O(P)376/2016/RD dated 29.06.2016.
5. സർക്കാർ ഉത്തരവ് (സാധ) നമ്പർ 761/2017/ജ.വി.വ തീയതി 02.9.2017.

. . . . . . .

ഇടമലയാർ ഇറിഗേഷൻ പ്രോജക്ടുമായി ബന്ധപ്പെട്ട് ലോ ലെവൽ കനാൽ ചെയിനേജ്, 10490-12000 മീറ്ററിന്റെ നിർമ്മാണത്തിലേക്കായി അങ്കമാലി വില്ലേജ് ബ്ലോക്ക് 12, റീസർവ്വെ 24/10 (പുതിയ സബ് ഡിവിഷൻ പ്രകാരം 32) ൽപ്പെട്ട 0.07 ആർ വസ്തു LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിലേക്കായി സൂചന (1) പ്രകാരം നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ളതും തുടർന്ന് സാമൂഹിക പ്രത്യാഘാത പഠനം നടത്തി സൂചന ( 2 ) പ്രകാരം റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതുമാണ്. ടി റിപ്പോർട്ടിൻമേൽ വിദഗ്ദ സമിതി ചെയർമാന്റെ നേതൃത്വത്തിൽ മേൽപരിശോധന നടത്തിയിട്ടുള്ളതും സൂചന (3) പ്രകാരം റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതുമാണ്. പ്രസ്തുത റിപ്പോർട്ട് 16.10.2017 തീയതി ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുള്ളതും ടി റിപ്പോർട്ടുകളുടെ പകർപ്പ് LARR Act 2013 സെക്ഷൻ 7(6) പ്രകാരം ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിലും മറ്റ് സ്ഥലങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.

പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട് സൂചന ( 5 ) പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. LARR Act 2013 സെക്ഷൻ 8(1) പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശങ്ങളും സാമൂഹ്യപ്രത്യാഘാത റിപ്പോർട്ടും സമുചിത ഗവൺമെന്റ് പരിശോധിക്കേണ്ടതുണ്ട്. 200 ആർ വസ്തു വരെ ഏറ്റെടുക്കുന്നതിന് ജില്ലാ കളക്ടർക്ക് അനുവാദം നൽകിക്കൊണ്ട് സൂചന (4) പ്രകാരം സർക്കാർ

ഉത്തരവായിട്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ സൂചന (2), (3) എന്നീ റിപ്പോർട്ടുകൾ പരിഗണിച്ചതിൽ, പ്രസ്തുത ഭൂമി ഏറ്റെടുക്കേണ്ടത് അത്യന്താപേക്ഷിതമായതിനാലും, ഭൂമി ഏറ്റെടുക്കുന്നത് കൊണ്ട് ഏതെങ്കിലും കുടുംബങ്ങൾക്കോ പരിസ്ഥിതിക്കോ പ്രകടമായ യാതൊരു പ്രത്യാഘാതങ്ങളും ഉണ്ടാകുന്നില്ല എന്ന് വിലയിരുത്തുകയും ബദൽ മാർഗ്ഗങ്ങൾ പരിഗണിക്കുന്നത് പ്രായോഗികമല്ലാത്തിനാലും, പ്രോജക്ട് നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ വളരെ വലുതാണ് എന്നുള്ള നിഗമനത്തിന്റെ അടിസ്ഥാനത്തിൽ, അങ്കമാലി വില്ലേജ് ബ്ലോക്ക് 12 റീസർവ്വെ 24/10 (പുതിയ സർവ്വെ റിക്കാർഡു പ്രകാരം 32) ൽപ്പെട്ട 0.07 ആർ വസ്തു പൊന്നും വില നടപടികൾ പ്രകാരം ഏറ്റെടുക്കുന്നതിന് LARR Act 2013 സെക്ഷൻ 8(1),(2) എന്നിവ പ്രകാരം അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു. അതോടൊപ്പം തന്നെ ഈ ഉത്തരവിന്റെ പകർപ്പ്, സെക്ഷൻ 8(3) പ്രകാരം ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിന് ലാൻഡ് അക്വസിഷൻ ഓഫീസറെ ചുമതലപ്പെടുത്തുന്നു.

Signature Not Verified

Digitally signed by K MOHAMMED Y SAFIRULLA
Date: 2017.11.16 15:16:21 IST
Reason: Approved

**K MOHAMMED Y SAFIRULLA IAS**

ജില്ലാ കളക്ടർ

1. സ്പെഷ്യൽ തഹസിൽദാർ
   കെ.ഐ.എ, നമ്പർ 3, നെടുമ്പാശ്ശേരി.
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ
   ഐ.ഐ.പി ഡിവിഷൻ നമ്പർ 1
   അങ്കമാലി.